[Mr. K. Ayyappan]

ന്നാൽ ഇപ്പോൾ പറയുന്നത് ഉദ്യോഗസ്ഥന്മാരെ വെക്കുന്ന കാര്യത്തിലുള്ള അധികാരം മഴവന്നും തിരുവിതാംകൂറിനുതന്നെ വേണമെന്നാണ്. അതുകൊണ്ട് നമുക്ക് യോജിക്കുവാൻ നിവൃത്തിയില്ലാതായിരിക്കുന്നു.

NEED FOR THE CONSTRUCTION OF A BRIDGE BETWEEN PUTHENCHIRA AND NARAYANAMANGALAM

2. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ പല്ലുറുത് നാരായണമംഗലം തിരുവിതാംകൂറിൽ പുത്തൻചിറയുമായി ഒരു പാലംമൂലം ബന്ധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെണ്ടിലേക്ക് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനും എന്തെല്ലാം നടപടികൾ ഗവൺമെണ്ടിൽ നിന്നും എടുത്തിട്ടുണ്ട് ?

മിസ്റ്റർ കെ. അയ്യപ്പർ :

(എ) ഉണ്ട്.

(ബി) ഇതു റോഡുബോർഡിന്റെ പരിഗണനക്ക് വെക്കുന്നുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ റോഡ് ആവശ്യമാണെന്ന് ഗവൺമെണ്ടിനും തോന്നിട്ടുണ്ടോ? ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു് റോഡും, പാലവും കൂടിയതാണ്. ഈ കാര്യം റോഡു ബോർഡിൽ വെക്കുന്നതാണ്. റോഡുബോർഡ് ശുപാർശ ചെയ്യുകയാണെങ്കിൽ അതെടുക്കും. ഇതേവരെ അവരുടെ ശുപാർശ തള്ളിക്കളഞ്ഞിട്ടില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റോഡ്ബോർഡിന്റെ ശുപാർശയനുസരിച്ചുള്ള പണികളെല്ലാം നടത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: പണി ക്രമേണ നടന്നുവരുന്നുണ്ടാകും. ഈ പാലവും റോഡും ഉണ്ടാക്കണമെന്നുള്ള കാര്യം റോഡ്ബോർഡിന്റെ ശ്രദ്ധയിൽ വെച്ചിരിക്കുന്നതു് അതെടുക്കാതിരിക്കുന്നതിനല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റോഡ്ബോർഡിന്റെ ശുപാർശയനുസരിച്ചാണോ എല്ലാ പണികളും നടത്തുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

TWO STUDENTS OF THF MAHARAJA'S COLLEGE—SUSPENSION OF—DETAILS REGARDING

3. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം മഹാരാജാസ് കോളേജിൽനിന്നും എം. ഐ. ജോസഫ്, ടി. പി. പോൾ എന്ന രണ്ടു വിദ്യാർത്ഥികളെ സസ്പെണ്ട് ചെയ്കയുണ്ടായോ ;

(ബി) എന്നാണ് അവരെ സസ്പെണ്ട് ചെയ്തത് ;

(സി) കാരണമെന്തായിരുന്നു ;

(ഡി) തങ്ങളെ തിരിച്ചെടുക്കണമെന്നായി അവർ ഹർജി സമർപ്പിച്ചിരുന്നോ ;

(ഇ) ആ ഹർജിയെപ്പറ്റി കോളേജ് കൌൺസിൽ പരിഗണിക്കയുണ്ടായോ ;

(എഫ്) അതിനെപ്പറ്റി എന്തു തീരുമാനമാണ് അവർ ചെയ്തത് ;

(ജി) എന്നാണ് ഈ തീരുമാനം ചെയ്തത് ;

(എച്ച്) തിരിച്ചെടുക്കണമെന്നാണോ തീരുമാനിച്ചത് ;

(ഐ) തിരിച്ചെടുത്തെങ്കിൽ ഏന്നാണ് അവരെ തിരിച്ചെടുത്തത് ;

(ജെ) തിരിച്ചെടുത്തുകൂടെന്ന് ആദ്യം ഒരു ഗവൺമെണ്ട് ഉത്തരവു പുറപ്പെടുവിച്ചിരുന്നോ ;

(കെ) പിന്നീട് ആ ഉത്തരവ് ഭേദപ്പെടുത്തി തിരിച്ചെടുത്തുകൊടുവാൻ അനുമതി നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഉണ്ടായെകിൽ മുൻഉത്തരവ് ഭേദപ്പെടുത്തി ഇങ്ങിനെ ഉത്തരവ് പുറപ്പെടുവിക്കുവാൻ പ്രേരകമായ കാരണങ്ങൾ എന്തു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) ആഗസ്റ്റ് 14-ാംനു പ്രിൻസിപ്പാൾ പുറപ്പെടുവിച്ച ഒരു ആർഡർപ്രകാരം.

(c) "The unfortunate incidents that occurred on the night of Thursday (14th August 1947) are under investigation by the Police. Pending their result, the two students M. I. Joseph, Class IV Gr-iv-B and T. P. Paul, Class IV Gr-iv-B are suspended from the College until further orders".

ഇതാണ നോട്ടീസ്സിൽ കാരണം പറഞ്ഞിരിക്കുന്നതു്.

(ഡി) ഉവ്വ്.

(ഇ) ഈ ഹർജി പഴ്യാലോചിച്ചതായി കോളേജ് കൌൺസിൽപ്രൊസീഡിങ്ങ്സ്കൊണ്ടു കാണുന്നില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

(ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) ഉത്തരം ആവശ്യമില്ല.

(ഐ) സെപ്തമ്പർ 15-ാംനു.

(ജെ) ഇല്ല.

(കെ) ഇല്ല.

(എൽ) ഉത്തരം ആവശ്യമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I make a suggestion, Sir, that questions Nos. 3, 4, 5, 6, 8 and 9 may be clubbed together?

Mr. P. Govinda Menon *(Prime Minister):* It may be so done, Sir.

POWERS OF THE GOVERNMENT IN THE COLLEGE MATTERS

4. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളുടെ അച്ചടക്കം, ഭരണം, മുതലായ കാര്യങ്ങൾക്കു പരമാധികാരം പ്രിൻസിപ്പാളിനും കോളേജ്സ്റ്റാഫ് കൌൺസിലിനും മാണൊ ;

(ബി) ഗവമ്മെണ്ടു് അവരുടെ തീരുമാനങ്ങളിൽ ഇടപെടാറുണ്ടൊ ;

(സി) കോളേജ് അധികാരികളുടെ തീരുമാനങ്ങൾ അവർ ഗവമ്മെണ്ടു് അനുമതി വാങ്ങിയാണൊ നടപ്പിൽ വരുത്തുന്നതു്.

(ഡി) മഹാരാജാസ് കോളേജിൽ ഫൻ ർ ൭ ആഗസ്റ്റ് ഫർ-ം ഫൻ-ം തിയ്യതികളിലുണ്ടായ സംഭവങ്ങൾക്കു ഏതാനുംപേരെ കോളേജിൽനിന്നും പുറത്താക്കിയതും സസ്പെണ്ടു് ചെയ്തതും സംബന്ധിച്ചു് ഗവമ്മെണ്ടിന്റെ അംഗീകരണം നേടുക എന്ന രീതി കോളേജ് അധികാരികൾ സ്വീകരിച്ചിരുന്നൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) കോളേജ് വിദ്യാർത്ഥികളുടെ അച്ചടക്കം പ്രിൻസിപ്പാളിന്റെ ചുമതലയിൽപ്പെട്ട ഒരു കാര്യമാണു്.

(ബി) കോളേജിന്റെ അകത്തു വിദ്യാർത്ഥികളുടെ അച്ചടക്കം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടു് സാധാരണ ഇടപെടാറില്ല.

(സി) ഗവമ്മെണ്ടു അനുമതിവാങ്ങി നടപ്പിൽ വരുത്തേണ്ട തീരുമാനങ്ങൾ അങ്ങിനെവാങ്ങിയും അല്ലാത്തതു് അങ്ങനെ വാങ്ങാതേയും നടപ്പിൽ വരുത്തും.

(ഡി) ഇല്ല.

DISTURBANCES IN THE MAHARAJA'S COLLEGE—ACTION REGARDING

5. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് മറുപടി പറയുമൊ.—

(എ) മഹാരാജസ് കോളേജിൽ ഒരു പ്രൊഫസറെ ഏതാനുംവിദ്യാർത്ഥികൾ കയ്യേറ്റം ചെയ്കയും പ്രിൻസിപ്പാളിനെ കയ്യേറ്റം ചെയ്വാൻ മുതിരുകയും കോളേജ് ലാബറേ

LIBRARY ARCHIVES Kerala Legislative Assembly